# ആത്മകഥാംശം ആലാഹയുടെ പെൺമക്കളിൽ

സജിന ഡീനാ മാത്യൂ

സ്മരണകൾ (Memoirs and Reminiscence) എന്ന ആത്മകഥാവിഭാഗത്തിൽപ്പെടുന്ന ഒരു കൃതിയാണ് സാറാജോസഫിന്റെ ഒരുവൾ നടന്ന വഴികൾ (ആദ്യപതിപ്പ്-2010). കുട്ടിക്കാലം മുതലുള്ള കുറെ ഓർമകളുടെ അടുക്കോടും ചിട്ടയോടുമുള്ള അവതരണമാണ് ഈ കൃതിയിൽ കാണാൻ കഴിയുന്നത്. അറുപത്തിയൊന്ന് താളുകളിലായി, പതിനാറ് അധ്യായങ്ങളിൽ ഒരായുസ്സിലെ ഏറെ പ്രധാനപ്പെട്ട ഒരുപിടി ഓർമകൾ വായനക്കാരുമായി ഹൃദ്യമായി പങ്കുവയ്ക്കാൻ എഴുത്തുകാരിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. സാറാജോസഫ് എന്ന സാഹിത്യകാരിയുടെയും ഫെമിനിസ്റ്റിന്റെയും ആക്ടിവിസ്റ്റിന്റെയും പിറവിയ്ക്കും വളർച്ചയ്ക്കും നിദാനമായ സംഭവങ്ങളും സാഹചര്യങ്ങളും ഈ കൃതിയിൽ ആത്മാർഥമായി പ്രതിപാദിക്കുന്നുണ്ട്.

1999 -ൽ പുറത്തിറങ്ങിയ "ആലാഹയുടെ പെൺമക്കൾ" എന്ന തന്റെ ആദ്യനോവലിനെക്കുറിച്ച് സാറാജോസഫ് പറയുന്നത് തന്റെ ദേശത്തിന്റെയും ബാല്യസ്മൃതികളുടെയും കഥ എന്നാണ്. ഒരുവൾ നടന്ന വഴികൾ എന്ന രചനയെ ആസ്പദമാക്കി ആലാഹയുടെ പെൺമക്കൾ എന്ന നോവലിൽ ആവിഷ്കൃതമായിട്ടുള്ള ആത്മകഥാംശം പരിശോധിക്കാൻ സാധിക്കും. അഭിമുഖങ്ങളിലും ലേഖനങ്ങളിലും തന്റെ ജന്മനാടിനെക്കുറിച്ചും കുട്ടിക്കാലത്തെക്കുറിച്ചും സാറാജോസഫ് നടത്തിയിട്ടുള്ള പരാമർശങ്ങളും ഈ അന്വേഷണത്തിൽ ഉപാദാനങ്ങളായി സ്വീകരിക്കാൻ കഴിയും.

ഒരുവന്റെ ആദ്യസന്താനം ആണാണെങ്കിൽ അയാളുടെ അപ്പന്റെ പേരും പെണ്ണാണെങ്കിൽ അയാളുടെ അമ്മയുടെ പേരും വിളിക്കുന്ന പതിവുവഴക്കം തെറ്റിച്ചാണ് അപ്പാപ്പൻ തനിക്ക് സാറാ എന്ന പേരിട്ടത് എന്ന് ഒരുവൾ നടന്ന വഴികൾ ഒന്നാം അധ്യായത്തിൽ സൂചിപ്പിക്കുന്നു. ആദ്യത്തെ പേരക്കുട്ടിക്ക് ബൈബിളിൽ നിന്ന് തിരഞ്ഞെടുത്ത ഒരു പേര് വേണമെന്ന് അപ്പാപ്പന് നിർബന്ധമുണ്ടായിരുന്നു. സാറാ കീർത്തിയുള്ള പേരാണെന്ന് മനസ്സിലാക്കിയ അപ്പാപ്പൻ തന്റെ ചെറുമകൾക്ക് ആ പേര് മതിയെന്ന് തീരുമാനിച്ചു. അമ്മാമയുടെ പേര് അന്നമ്മ. അതാണ് കൊച്ചുസാറായ്ക്ക് ഇടേണ്ടിയിരുന്ന പേര്. ആലാഹയുടെ പെൺമക്കളിലെ പ്രധാന കഥാപാത്രമായ പെൺകുട്ടിയുടെ പേര് ആനി എന്നാണ്. അന്നമ്മ എന്ന പേരിന്റെ ആംഗലേയരൂപങ്ങളിൽ ഒന്നാണല്ലോ ആനി. നോവലിൽ ആനിയുടെ അമ്മാമ്മയായ കോക്കാഞ്ചറ മറിയയുടെ രൂപവും ഭാവവും സാറായുടെ അമ്മാമ്മയായ അന്നമ്മയുടേതു തന്നെ. 'അതിസുന്ദരിയായിരുന്നു അമ്മാമ. അപ്പാപ്പന്റെ നിറത്തിന് നേർവിപരീതമായിട്ട് അമ്മാമ വെളുത്തിട്ടായിരുന്നു. വെയിൽ തട്ടിയാൽ ചുവക്കുന്ന കവിളുകൾ, എപ്പോഴും വിയർപ്പുപൊടിയുന്ന മൂക്ക്, തോളിലേക്ക് ഞാന്നുകിടക്കുന്ന കാതുകൾ, അമ്മാമയ്ക്ക് ആറടി പൊക്കമുണ്ടാവും എന്നാണെനിക്ക് തോന്നുന്നത്. അത്രയ്ക്ക് നീണ്ടുയർന്ന് ഒരു രൂപം '(ഒരുവൾ നടന്ന വഴികൾ, പുറം 8). 'അമ്മാമ ആലാഹേടെ നമസ്കാരം ചൊല്ലുന്നതു കാണാൻ ആനിക്ക് നല്ല ഇഷ്ടമാണ്. കുത്തി വളർത്തി തോളുവരെ ഞാന്നുകിടക്കുന്ന അമ്മാമയുടെ കാതുകൾ ആടിക്കളിക്കും. വലിയ മേക്കാമോതിരങ്ങൾ കിടന്നു തുള്ളും. തെങ്ങുംപൂക്കുലപോലെ ഞൊറിവാൽ വിടരും. കാതിന്റെ സുതാര്യതയിലൂടെ സൂര്യവെളിച്ചം കടന്നുപോകും. അപ്പോൾ കാതിന് ഇളംചുവപ്പുനിറമാകും. അമ്മാമ സുന്ദരിയാകും '(ആലാഹയുടെ പെൺമക്കൾ, പുറം 10). 'പിൻവശത്തെ






Scanned by CamScanner

മുറ്റത്ത് ചവറടുപ്പ് കത്തിച്ച് വെള്ളം ചൂടാക്കുകയാണ് അമ്മാമ. ഉണക്കപ്ലാവിലകളും ഇല്ലിയിലകളും മലപോലെ കൂട്ടിയിട്ടതിന്റെ അപ്പുറത്ത് അമ്മാമയുടെ വെളുത്ത വട്ടമുഖം തീത്തിളക്കത്തിൽ കാണാം' (ആലാഹയുടെ പെൺമക്കൾ, പുറം 26).



സാറാ ജോസഫ്

കുടുംബം പുലർത്താൻ വേണ്ടി ജീവിതത്തോടുതന്നെ യുദ്ധം പ്രഖ്യാപിച്ച ശക്തയായ കഥാപാത്രമാണ് നോവലിലെ കോക്കാഞ്ചറ മറിയ. അവരുടെ ഭർത്താവാകട്ടെ യാതൊരു ഉത്തരവാദിത്വബോധവുമില്ലാത്ത മനുഷ്യനും. ഒരുവൾ നടന്ന വഴികളിൽ ഇങ്ങനെ കാണുന്നു. 'കുടുംബം പുലർത്താൻ ഒരുപാട് പാടുപെട്ടവളാണ് അമ്മാമ. കഷ്ടപ്പാടും ദാരിദ്ര്യവും വഴിക്കുവഴിയുള്ള പേറും മക്കളുടെ രോഗാരിഷ്ടതകളും കൊണ്ട് അമ്മാമയ്ക്ക് ജീവിതം പങ്കപ്പാടിന്റെ കഥയായിരുന്നു. 'ഊതിക്കുടിക്കാൻ' ഗതിയില്ലാതെ വലഞ്ഞ കാലം എന്ന് ഈ മക്കളെയും വച്ച് നെട്ടോട്ടമോടിയ യുദ്ധകാലത്തെ അമ്മാമ വിശേഷിപ്പിച്ചു കേട്ടിട്ടുണ്ട്. അമ്മാമ ചെയ്യാത്ത തൊഴിലില്ല. കുടുംബത്തിനകത്തെ കാര്യങ്ങളെക്കാൾ പുറത്തെ കാര്യങ്ങളിൽ മുഴുകിയ ഒരാളായിരുന്നു അപ്പാപ്പൻ എന്നാണ് പറഞ്ഞുകേട്ടിട്ടുള്ളത്.'(പുറം 10)

നോവലിൽ ഇങ്ങനെയാണ് എഴുതിയിരിക്കുന്നത്: 'യുദ്ധം നടക്കണകാലണ്. ന്റുട്ടാ നിയ്യ് പറണേ കിടാവേ? ന്നാട്ടില് ഒരു സ്ഥലത്ത് നെറ്റീമ്മെ കുരിശ് വരയ്ക്കാൻ ഒര് മണി അര്യാ കിട്ടാല്യാ! ന്നാ വേറെന്തിങ്കിലും തിന്നാൻണ്ടാ? അുല്യ. തമ്പരാന്റെ മനോഗുണം കൊണ്ട് ഒരു തുള്ളി മണ്ണെണ്ണീല്യാ വെളിച്ചണ്ണീല്യ. തൊട്ടേനും പിടിച്ചേനും ഒക്കെ കണ്ടറോള്ണ്! കണ്ടറോള്! പട്ടാളം റോഡ്ണ്ങ്ങെ ഇടിച്ചാപൊളിയ്ക്കുണ്. മ്മള് പത്തുമുപ്പത് കുടമ്മക്കാര് പാർക്കണെ വീടോള്ണ് പൊളിയ്ക്കണേ. എവിടയ്ക്കാ പൂവ്ാ? ന്റുട്ട തേങ്ങ്യാ തിന്ന്ാ? വട്ടാ തിരിഞ്ഞു. നിന്റപ്പാപ്പന് മാത്രം ഒര് വട്ടന്തിരിച്ചലൂല്യ. തന്ത നേരം വെള്ത്താ അന്ത്യാവണവരെ അഞ്ചു വെളക്കിന്റെവടത്തെ ബേന്റ് സെറ്റിന്റെ മോളില്ര്ന്ന് ഈ പീപ്പി വിള്യന്നെ പീപ്പി വിളി! ന്നാ വല്ല പെര്നാള്ക്കാ കല്യാണത്തിനാ ശവട്പ്പിനാ പോയി പീപ്പി വിളിച്ചട്ട് പത്ത് ശില്ലീരെ കാശ് തെണ്ടിച്ച്ണ്ടാക്ക്വോ? അത്ല്യാട്ടോ. വെറ്തെ ഇര്ന്ന് ദ്ങ്ങനെ ഊതും. കാക്കാശിന് വെലില്യാത്താ ഊത്ത് ! ഊത്താ നിർത്ത്യാ പാട്ടാ തൊടങ്ങും. 'മാറല്ലേശിനെ കണ്ടോര്ണ്ടോ'ന്ന് അഞ്ച് വെളക്കിന്റെവടന്നാ തൊള്ളതുറന്നാ കോക്കാഞ്ചറേലയ്ക്ക്യാ കേക്കാം. അതോണ്ടാ കുാങ്ങള്ടെ വയറ് നെറയോ? ഇല്ലില്ലോ? അങ്ങോര്ടെ തന്തിം തള്ളിണ്ട്. രണ്ടെണ്ണത്തിനും ചിന്നന്റിന്ന്. ഏത് നേരം നോക്ക്യാലും കുറി കിട്ട്യ തള്ളാര്ടന്തി ഈ പറഞ്ഞതന്നെ പറഞ്ഞ് മനുഷ്യനെ പ്രാന്താ പിടിപ്പിയ്ക്കും. വെശന്നട്ട്ണ്ട്ടാ. അവറ്റങ്ങളെ പറഞ്ഞട്ട് കാര്യല്യ. ഇനിയ്ക്കന്ന് ഇക്കണ്ട വാര്രെ അവടെ മിറ്റടിണ്. അതാ കഴിഞ്ഞിട്ട് പോര്മ്പോ കിട്ടണ പഴഞ്ചോറോണ്ട്ണ് കൊറേ നേരത്തയ്ക്ക് തന്തേരീം തള്ളേരീം തൊള്ള അടയ്ക്കാ. പട്ടാളം റോട്ടീന്നാ പോയാപിന്നെ എവിട്ണ്? ഇക്കണ്ട വാര്രോടത്തെ മിറ്റട്യാ കളഞ്ഞാ ന്റുട്ടാ ചീയ്യാ? കർക്കടമസാണ്! ഇടീം മഴിം! വീടും പൊളിച്ച്! നിന്റപ്പാപ്പനെ നോക്കാനൊന്നും ഞാൻ നിന്നില്ല. ഒക്കെ കെട്ടിപ്പറ്ക്കി കോക്കാഞ്ചറേല്യ്ക്ക്യാ പോന്നു.'(ആലാഹയുടെ പെൺമക്കൾ, പുറം 40)




നോവലിലെ ഒരു പ്രധാന കഥാപാത്രമാണ് ക്ഷയരോഗിയായ പ്രാഞ്ചി എന്ന ഫ്രാൻസിസ്. അപ്പന്റെ അനുജനായ കുട്ടിപ്പാപ്പൻ ആനിക്ക് ഏറെ പ്രിയപ്പെട്ട ഒരു കുടുംബാംഗമാണ്. കരഞ്ഞുപ്രാർഥിക്കുന്ന ഒരു കുടുംബം എന്ന രണ്ടാം അധ്യായത്തിൽ തന്റെ പാപ്പനെ സാറാ ജോസഫ് ഇങ്ങനെ സ്മരിക്കുന്നു 'ഒരുപാട് അംഗങ്ങളുള്ള ഒരു കൂട്ടുകുടുംബമാണ് കുട്ടിക്കാലത്തെ ഓർമകളുടെ തുടക്കത്തിലുള്ളത്. ഓർമകളുടെ ഏറ്റവും അറ്റത്ത് ക്ഷയരോഗബാധിതനായ എന്റെ പാപ്പൻ (അപ്പന്റെ ഇളയ സഹോദരൻ) കിടക്കുന്നു....എല്ലാവരും പാപ്പന്റെ ജീവനുവേണ്ടി മുട്ടുകുത്തിനിന്ന് പ്രാർഥിക്കുന്ന ഒരു രംഗം ഓർമയിൽ സജീവമായി നിലനിൽക്കുന്നു.' (ഒരുവൾ നടന്ന വഴികൾ, പുറം 10). 'അമ്മ വിളിച്ചു. കുട്ടിപ്പാപ്പന്റെ കട്ടിലിനടുത്ത് മുട്ടുകുത്തിനിന്ന് കൊന്തയെത്തിയ്ക്കാനാണ് അമ്മ വിളിയ്ക്കുന്നത്. ഒരു തുണിക്കഷണംകൊണ്ട് വെള്ളംതൊട്ട് അമ്മ കുട്ടിപ്പാപ്പന്റെ ചുണ്ടുകൾ നനച്ചുകൊടുക്കുന്നു. തിരിഞ്ഞുനോക്കിയാൽ കാണാം, ചിമ്മിനിയുടെ ചെറിയ വെളിച്ചത്തിൽ കുട്ടിപ്പാപ്പന്റെ മുഖത്തേയ്ക്കുതന്നെ നോക്കിക്കൊണ്ട് മുട്ടുകുത്തിനിൽക്കുന്ന രണ്ടു സ്ത്രീകളെ.' (ആലാഹയുടെ പെൺമക്കൾ, പുറം 172).

കിട്ടില്ല മക്കളേ ആ സുഗന്ധകാലം എന്ന മൂന്നാം അധ്യായത്തിൽ തന്റെ വീടിന്റെ മുറ്റത്ത് നിരനിരയായി നിൽക്കുന്ന അഞ്ചുപ്ലാ



Scanned by CamScanner

വുകളെക്കുറിച്ചും പറമ്പിന്റെ അറ്റത്തുള്ള നാൽക്കൂട്ടപ്ലാവുകളെക്കുറിച്ചുമുള്ള ഓർമകൾ രേഖപ്പെടുത്തിയിട്ടുണ്ട്. 'പറമ്പിന്റെ അങ്ങേ അറ്റത്ത് ഒരു നാൽക്കൂട്ടപ്ലാവുണ്ടായിരുന്നു. നാൽക്കൂട്ടപ്ലാവുകളുടെ ഇടയിലുള്ള ഇടുക്കസ്ഥലം എന്റെ സുഖവാസകേന്ദ്രമായിരുന്നു. ഒരു പ്ലാവിൻമേൽ ചാരി മറ്റൊന്നിൽ കാലമർത്തി ആകാശം നോക്കിയിരിക്കും.' (ഒരുവൾ നടന്ന വഴികൾ, പുറം 10). സ്കൂളിൽ കഞ്ഞി കുടിക്കുന്ന നേരത്തുണ്ടായ കോലാഹലത്തെത്തുടർന്ന് വീട്ടിലേക്കോടിപ്പോന്ന ആനി സാന്ത്വനം തേടി ഓടിയെത്തുന്നത് നാൽക്കൂട്ടപ്ലാവുകളുടെ മടിത്തട്ടിലാണ് എന്ന് ആലാഹയുടെ പെൺമക്കളിൽ കാണുന്നു. 'നാൽക്കൂട്ടപ്ലാവിൽ ഒന്നിന്റെ തടിയിൽ ചാരി മറ്റൊന്നിൽ കാലുകളമർത്തി രണ്ടു കൈകൊണ്ടും മറ്റേ രണ്ടു പ്ലാവുകളെ തൊട്ടുകൊണ്ട് ആനി ഇരുന്നാലോചിച്ചു. ഇടയ്ക്കിടെ ഓരോ പഴുത്ത പ്ലാവിലകൾ അവളുടെ അടുത്തേക്ക് പാറി വന്നു. അവൾ അവയെല്ലാം സ്വീകരിച്ചു.'(പുറം 32). ഭാഷാപോഷിണിയിൽ എഴുത്തുകാരുടെ ദേശം എന്ന പംക്തിയിൽ സാറാജോസഫ് ഇങ്ങനെ കുറിച്ചിരിക്കുന്നു, 'പറമ്പിലുമുണ്ട് പ്ലാവുകൾ. തെക്കുപടിഞ്ഞാറേ മൂലയിൽ ഒരു നാൽക്കൂട്ടപ്ലാവുണ്ടായിരുന്നു. ഇനിയൊരിക്കലും വെട്ടിക്കളയാൻ പറ്റാത്തവിധത്തിൽ ആലാഹയുടെ പെൺമക്കളിലേക്ക് ഞാനത് പറിച്ചുനട്ടിട്ടുണ്ട്. ഉണങ്ങിയതോ പഴുത്തതോ പച്ചയോ ആകട്ടെ പ്ലാവിലകളെ എനിക്കു വലിയ ഇഷ്ടമാണ്. ഉണക്ക ഇലകളിൽ കിടന്നുരുളുമ്പോൾ കേൾക്കുന്ന ഒച്ച എനിക്കിഷ്ടമാണ്. ഇല കൊഴിയുമ്പോഴത്തെ മൗനം എന്നെയും മൂകമാക്കി.'(പുറം 7).

കണ്ണെത്താദൂരത്തോളം പരന്നുകിടക്കുന്ന കോന്നിമേസ്ത്രിയുടെ പറമ്പ് കന്യാസ്ത്രീകൾ വിലയ്ക്കു വാങ്ങി വലിയ മതിൽ പൊക്കിക്കെട്ടി അവിടെ മഠവും പരിഷ്കാരികളായ കുട്ടികൾക്ക് പഠിക്കാൻ സ്കൂളും നിർമിച്ചത് നോവലിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. 'കോന്നി മേസ്ത്രിയുടെ പറമ്പ് പിന്നീട് കന്യാസ്ത്രീകൾ വിലയ്ക്ക് വാങ്ങി, അവിടെ മഠവും സ്കൂളും വന്നു. ഇന്നത്തെ കുരിയച്ചിറ സെന്റ് പോൾസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ' എന്ന് സ്മരണക്കുറിപ്പിലും പറയുന്നുണ്ട്. (ഭാഷാപോഷിണി, പുറം 7).

ആലാഹയുടെ പെൺമക്കൾ എന്ന ആദ്യനോവൽ എഴുതാൻ നടത്തിയ തയാറെടുപ്പുകളെക്കുറിച്ച് ഒരുവൾ നടന്ന വഴികളിൽ 16-ാം അധ്യായത്തിൽ പറയുന്നു. ഈ അധ്യായത്തിന്റെ തലക്കെട്ടുതന്നെ 'എനിക്ക് നോവൽ വഴങ്ങുമോ' എന്നാണ്. അപരിചിതമായ ഭാഷ എന്നാണ് ജോർജ് ഓണക്കൂർ ഈ നോവലിലെ ഭാഷയെക്കുറിച്ച് അഭിപ്രായപ്പെട്ടിട്ടുള്ളത്. 'അമ്മയും അമ്മാമയും അമ്മായിമാരും അയൽക്കാരുമൊക്കെ ഓരോരോ സന്ദർഭത്തിൽ എങ്ങനെയാണ് സംസാരിച്ചിരുന്നത് എന്നോർത്തുനോക്കും. എഴുതിവയ്ക്കും....നാടൻചൊല്ലുകളും പാട്ടുകളും അമ്മയെക്കൊണ്ട് ഓർമിപ്പിച്ചെടുക്കും. ആലാഹയുടെ പെൺമക്കളിലെ കല്യാണപ്പാട്ട്, അമ്മ ചൊല്ലിത്തന്നതാണ്. 'ഒണങ്ങല്ല കുത്തൽ' എന്ന ചടങ്ങിന് കുട്ടിക്കാലത്ത് കല്യാണവീടുകളിൽ അത് പാടുന്നത് ഞാൻ കേട്ടിട്ടുണ്ട്.' (ഒരുവൾ നടന്ന വഴികൾ, പുറം 73). നോവലിലെ 'മങ്ങലൃത്തിന്റെ ഭംഗി' എന്ന ഏഴാം അധ്യായത്തിൽ ചേർത്തിട്ടുള്ള വരികൾ താഴെക്കാണുന്ന പ്രകാരമാണ്.

'മങ്ങല്യാ.......മെന്നാ......തിന്റെ
ഭങ്ങിപാ.......റവാ.......തിന്ന്
എങ്ങും നീ.....റഞ്ഞാ....കന്നീ
അങ്ങുന്നാ.....രുളീ......ചെയ്കാ'

'കുറ്റാർക്കു......ഴലിയാളേ
പെറ്റവാ........ളർത്തീയമ്മാ
ചുറ്റമീ.......രിയ്ക്കും ജെനം
കുറ്റം കു.......റവു കണ്ടാൽ
പെറ്റ മാ....താവിനെപ്പോൽ
കുറ്റം പോ.......റുത്തീടണം'

(ആലാഹയുടെ പെൺമക്കൾ, പുറം 96)

കുരിയച്ചിറയിലെ പടിഞ്ഞാറേ അങ്ങാടിയുടെ പടിഞ്ഞാറേ തലയ്ക്കലായിരുന്ന തന്റെ വീടെന്ന് സാഹിത്യകാരി ഓർമക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 'എപ്പോൾ വേണമെങ്കിലും പൊട്ടിത്തെറിക്കാവുന്ന ഒരു ബോംബുപോലെയായിരുന്നു പടിഞ്ഞാറേ അങ്ങാടിയുടെ നടുഭാഗം. ഇരുവശത്തും ലൈൻ മുറികളാണ്. ഇടതിങ്ങിയ ജീവിതങ്ങൾ. ചാക്കു ചുമട്ടുകാർ, വീട്ടുജോലിക്കാർ, ചോറു കൊണ്ടുപോകുന്നവർ, വെള്ളയപ്പക്കച്ചവടക്കാർ, നെല്ലു കുത്തി അരിയാക്കി വിൽപ്പന നടത്തുന്നവർ, ഒല്ലൂരിലെ വിറകു കമ്പനികളിൽനിന്ന് തലച്ചുമടായി വിറകും അറക്കപ്പൊടിയും കൊണ്ടുവന്ന് വിൽക്കുന്നവർ, കോറ (പടക്കത്തിനുള്ളത്) തെറുക്കുന്നവർ, തീപ്പെട്ടിക്കൂട് പണിയുന്നവർ, റിക്ഷാവണ്ടി വലിക്കാർ, ഇറച്ചിവെട്ടുകാർ, വണ്ടിപ്പേട്ടയിൽ പണിയെടുക്കുന്നവർ, റോഡ് അടിച്ചുവാരുന്നവർ, അങ്ങനെ പറഞ്ഞാൽ തീരാത്തത്ര പണികളെടുത്ത് പുലരുന്ന മനുഷ്യർ. ജീവിത സമരത്തിന്റെയും സംഘർഷത്തിന്റെയും തീവ്രത, കഷ്ടപ്പാടുകളുടെ സംഗീതത്തിലും അലിവ്, അഗാധമായ മനുഷ്യസ്നേഹത്തിലുറപ്പിച്ച അയൽബന്ധങ്ങൾ, ഇതൊക്കെ അകത്ത്. പുറത്തേക്ക് തല്ലും വഴക്കും തെറിയും കുടിയും വ്യഭിചാരവും പരിഹാസവും ചെറുചതികളും നിറഞ്ഞ ജീവിതം. ആലാഹയുടെ പെൺമക്കളിലെ 'എട്ടുമുറി' ഈ ലൈൻ മുറികളിൽനിന്ന് കേട്ടുകൂടാതെ അടർത്തിയെടുത്ത് നോവലിന്റെ ദേശത്തിൽ കൊണ്ടുവച്ചതാണ്.' (ഭാഷാപോഷിണി, പുറം 7).

'അങ്ങാടിയുടെ ഒത്തനടുവിൽ രണ്ടുവശങ്ങളിലുമായി എട്ടുമുറി, ആറുമുറി, നാലുമുറി തുടങ്ങിയ ലൈൻ മുറികളാണ്. ലൈൻമുറികളങ്ങനെ വിങ്ങിപ്പൊട്ടി മുഖത്തോടു മുഖം നോക്കിനിൽക്കുന്നു. പെട്ടെന്നൊരു നിമിഷത്തിൽ ചീറിത്തെറിക്കുന്നതുപോലെ ഇരുവശത്തെ ലൈൻമുറികളിൽ നിന്ന് പെണ്ണുങ്ങൾ പാഞ്ഞുവന്ന് വഴിയുടെ നടുവിൽ ഏറ്റുമുട്ടും. കൈയടിച്ചും തെറിവിളിച്ചും മുടിപിടിച്ചുവലിച്ചും മുണ്ടുപൊക്കിക്കാട്ടിയും പെണ്ണുങ്ങൾ രാവും പകലുമില്ലാതെ വഴക്കിട്ടുപോന്നു. ശബ്ദമായിരുന്നു പ്രധാന ആയുധം. ഏറ്റവും ഉച്ചത്തിൽ പറയുന്നവൾ ജയിച്ചു.' (ആലാഹയുടെ പെൺമക്കൾ,

**ഒരുവന്റെ ആദ്യസന്താനം ആണാണെങ്കിൽ അയാളുടെ അപ്പന്റെ പേരും പെണ്ണാണെങ്കിൽ അയാളുടെ അമ്മയുടെ പേരും വിളിക്കുന്ന പതിവുവഴക്കം തെറ്റിച്ചാണ് അപ്പാപ്പൻ തനിക്ക് സാറാ എന്ന പേരിട്ടത് എന്ന് ഒരുവൾ നടന്ന വഴികൾ ഒന്നാം അധ്യായത്തിൽ സൂചിപ്പിക്കുന്നു.**



Scanned by CamScanner

പുറം 33-34). നോവലിലെ ദേശം ഓർമകളിലെ ദേശത്തോട് എത്രയധികം നീതി പുലർത്തുന്നു എന്നതിന് ഉത്തമ ദൃഷ്ടാന്തമാണ് ഈ ഭാഗം.

'ചൗരിയുടെ പറമ്പ് തലങ്ങും വിലങ്ങും വഴികളാക്കി കീറി മുറിച്ച് കൊടുത്തു. ഇടുങ്ങിയ ആ വഴികളിലൂടെയല്ലാതെ ഇനി ചൗരിയുടെ പറമ്പിലൂടെ നടക്കാൻപറ്റില്ല. ആദ്യമൊക്കെ ചൗരിയുടെ കിണർ കോക്കാഞ്ചറക്കാരുടേതല്ല എന്നു വിശ്വസിക്കാൻ ആനിക്ക് വലിയ പ്രയാസമായിരുന്നു. അവൾക്ക് ദേഷ്യം വന്നു. അത് അനീതിയാണെന്ന് തോന്നി. മതിലുകെട്ടി ഇരുമ്പ്പടി വെച്ച് അകത്താക്കിയ കിണറിനെ അവൾ നോക്കി നിന്നു.

'എന്താ?'

ഒരാൾ പടിക്കലേക്കിറങ്ങി വന്ന് ചോദിച്ചു. അതിൽ ഒരടുപ്പവും ഉണ്ടായിരുന്നില്ല. അവിടെ നിൽക്കാൻ പാടില്ല എന്നു പറയുന്നതു പോലെയായിരുന്നു അത്. പിന്നീടൊരിക്കലും ആനിക്ക് ആ കിണർ കാണണമെന്ന് തോന്നിയില്ല. അതിന്റെ വാക്കല്ലിൽ ഇളകിയിരിക്കുന്ന പൂപ്പൽ പിടിച്ച ഒരു കല്ലുണ്ട്. കൈ കൊണ്ട് തെറ്റിച്ച് അതിനെ ഇളക്കിക്കളിക്കാറുള്ളതു മാത്രം ആനി ഓർമയിൽ സൂക്ഷിച്ചു.' (ആലാഹയുടെ പെൺമക്കൾ, പുറം 155). നാഗരികതയുടെ കടന്നുകയറ്റം മൂലം തന്റെ ഗ്രാമത്തിൽ വന്ന മാറ്റങ്ങൾ എന്തുകൊണ്ടാണ് ആനിയെ ഇത്രയധികം നൊമ്പരപ്പെടുത്തിയത് എന്നതിനുള്ള ഉത്തരം ഓർമക്കുറിപ്പിലുണ്ട്. 'കൊടിയ വേനലിൽ കിണറുകൾ വറ്റുമ്പോൾ അങ്ങാടിയിലുള്ള മുഴുവൻപേർക്കും വെള്ളം കിട്ടിയിരുന്നത് ചൗരിയുടെ പറമ്പിൽനിന്നാണ്. സമൃദ്ധമായ പച്ചപ്പ്. കൊളമ്പ് മാങ്ങ എന്ന് വിളിക്കുന്ന പുളിപ്പില്ലാത്ത് മാങ്ങ. പഴുത്തുവീഴുന്ന ചക്ക. ചിതറിക്കിടക്കുന്ന പാളകൾ. കവുങ്ങിൻപൂവിന്റെ ഇളംമണം. തണുത്ത കല്ലുകൾ. നിഴലും തണലും മാത്രം. അങ്ങാടി വരൾച്ചയെ അമ്പരിപ്പിക്കുന്ന കറുകപ്പുൽക്കാടുകൾ. കുളിർത്ത വെള്ളം. എന്നെ സംബന്ധിച്ചിടത്തോളം എല്ലാ സാധ്യതകളുടെയും അവസാന വാക്കായിരുന്നു ചൗരിയുടെ പറമ്പ്. എന്റെ കുന്നും മലയും കടലും പുഴയും ഒക്കെ.' (ഭാഷാപോഷിണി, പുറം 7.)

ചുരുക്കത്തിൽ, ജീവിതത്തെ ആവിഷ്കരിക്കുന്ന ഏത കൃതിയിലും എഴുത്തുകാരന്റെ ജീവിതാനുഭവങ്ങൾ കടന്നുകൂടിയിട്ടുണ്ടാവുമെന്നും ആത്മകഥാംശം ഏറ്റവും കൂടുതൽ മുറ്റിനിൽക്കുന്ന സാഹിത്യരൂപം നോവലാണെന്നുമുള്ള നടുവട്ടം ഗോപാലകൃഷ്ണന്റെ നിരീക്ഷണം സാറാജോസഫിന്റെ ആലാഹയുടെ പെൺമക്കൾ എന്ന നോവലിനെ സംബന്ധിച്ചും അന്വർഥമാണെന്ന് കണ്ടെത്താൻ സാധിക്കുന്നു.

**1999 –ൽ പുറത്തിറങ്ങിയ "ആലാഹയുടെ പെൺമക്കൾ" എന്ന തന്റെ ആദ്യനോവലിനെക്കുറിച്ച് സാറാജോസഫ് പറയുന്നത് തന്റെ ദേശത്തിന്റെയും ബാല്യസ്മൃതികളുടെയും കഥ എന്നാണ്. ഒരുവൾ നടന്ന വഴികൾ എന്ന രചനയെ ആസ്പദമാക്കി ആലാഹയുടെ പെൺമക്കൾ എന്ന നോവലിൽ ആവിഷ്കൃതമായിട്ടുള്ള ആത്മകഥാംശം പരിശോധിക്കാൻ സാധിക്കും.**

## ഗ്രന്ഥസൂചി


1. ഗോപാലകൃഷ്ണൻ നടുവട്ടം, ആത്മകഥാസാഹിത്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം,1985.
2. സാറാജോസഫ്, ആലാഹയുടെ പെൺമക്കൾ, കറന്റ് ബുക്സ്,' തൃശ്ശൂർ, 2016.
3. --------------, ഒരുവൾ നടന്ന വഴികൾ, എച്ച് ആൻഡ് സി പബ്ലിഷിംഗ് ഹൗസ്, തൃശ്ശൂർ, 2013.
4. --------------, പിൻവിളി, ഭാഷാപോഷിണി, പുസ്തകം 24, ലക്കം 9, 2001.
5. ഗീത, ഈ എഴുത്തുകാരിയുടെ ഉള്ളിലും പുറത്തും, ഗ്രന്ഥാലോകം, വാല്യം 57, ലക്കം 4, 2005.



*(സജിനി ഢീനാ മാത്യു, അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, ബിഷപ്പ് മൂർ കോളജ്, മാവേലിക്കര.)*



Scanned by CamScanner